'156794/2024

**"ഭരണഭാഷ – മാതൃഭാഷ"**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :11-04-2024
Email -swdkerala@gmail.com
Phone : 0471 – 2306040

SOCIAL JUSTICE DEPARTMENT

## പരിപത്രം

വിഷയം: വാഹനങ്ങൾ ലഭ്യമല്ലാത്ത ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ വാഹനം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 06/02/2024 കൂടിയ യോഗത്തിലെ തീരുമാനം.

2. ഈ കാര്യാലയത്തിലെ 05/03/2024 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

സാമൂഹ്യനീതി ഡയറക്ടറേറ്റിനു കീഴിലുള്ള 14 ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ഡ്രൈവർ തസ്തികയുള്ളതും എന്നാൽ നിലവിൽ വാഹനങ്ങൾ ഇല്ലാത്തതുമായ ഓഫീസുകളിൽ ക്വട്ടേഷൻ നടപടി സ്വീകരിച്ച വാഹനം (ഡ്രൈവർ ഒഴികെ) വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് മേൽ സൂചന (2) പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത പരിപത്രത്തിലെ വ്യവസ്ഥകളിൽ ചുവടെ പറയുന്ന ഒഴിവാക്കലുകൾ, കൂട്ടിച്ചേർക്കലുകൾ എന്നിവ വരുത്തുന്നു.

- ഫ്യൂവൽ ചാർജ്ജ് വകുപ്പ് വഹിക്കുന്നതാണ് എന്ന നിബന്ധന റദ്ദ് ചെയ്തു ,ഫ്യൂവൽ ചാർജ്ജ് വാഹനത്തിന്റെ ഉടമസ്ഥൻ വഹിക്കണം എന്ന നിബന്ധന ഉൾപ്പെടുത്തുന്നു.
- ഒരു വർഷത്തേക്ക് വാഹനം കരാർ വ്യവസ്ഥയിൽ വാടകയ്ക്ക് നൽകാൻ താൽപ്പര്യമുള്ള വാഹന ഉടമ/സ്ഥാപനത്തിൽ നിന്ന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കാവുന്നതാണ് എന്ന നിബന്ധന റദ്ദ് ചെയ്ത്, മൂന്ന് മാസകാലയളവിലേക്ക് വാഹനം കരാർ വ്യവസ്ഥയിൽ വാടകയ്ക്ക് നൽകാൻ താൽപ്പര്യമുള്ള വാഹന ഉടമ/സ്ഥാപനത്തിൽ നിന്ന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കാവുന്നതാണ് എന്ന നിബന്ധന കൂടി ഉൾപ്പെടുത്തുന്നു..
- പരമാവധി ക്വട്ടേഷൻ തുക 22000/- രൂപയിൽ കവിയാൻ പാടില്ലാത്തതാണ്.

മേൽ സൂചന (2) ലെ പരിപത്രം മറ്റ് എല്ലാ നിബന്ധനകളോടും കൂടി നിലനിൽക്കുന്നതായിരിക്കും.

സാമൂഹ്യനീതി ഡയറക്ടർ

igned by H Dineshan
ate: 11-04-2024 14:08:05